പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ പ്രവർത്തന പുരോഗതി

. 73 [689] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ പ്രവൃത്തി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്രാനുമതി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) റോഡിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27.225 കി.മീ. ദൈർഘ്യമുള്ള പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിൽ കി.മീ. 0/200 മുതൽ 2/250 വരെയും കി.മീ. 21/00 മുതൽ 27/225 വരെയും ഉള്ള ഭാഗത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. കി.മീ. 3/210 മുതൽ കി.മീ. 20/00 വരെയുള്ള ഭാഗം വനം വകുപ്പിന്റെ കീഴിലായതിനാൽ ആ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. പൊതുമരാമത്തു വകുപ്പിന്റെ അധീനതയിൽ വരുന്ന ഭാഗങ്ങളുടെ വികസനത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ലഭിച്ചിട്ടില്ല.

(സി) വനഭൂമിയിലൂടെയുള്ള റോഡ് നിർമ്മാണത്തിന് 1994 ഫെബ്രുവരിയിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി എഴുതിയെങ്കിലും ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല.

(ഡി) റോഡിന്റെ പണി എപ്പോൾ പൂർത്തിയാകുമെന്ന കാര്യം ഇപ്പോൾ വ്യക്തമാക്കാൻ സാധിക്കില്ല.

കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ-38

74 [690] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ-38-ൽ പുതിയങ്ങാടി-ഉള്ളിയേരി റോഡിൽ പാവങ്ങാടിനും എരണിക്കലിനും മദ്ധ്യേ ഈ വർഷകാലത്ത് വെള്ളംമൂലം റോഡിൽ വാഹന തടസ്സം ഉണ്ടായ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly